I. ഇ.ബി. XII-കേരള നിയമസഭ/XIV-21

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 മാർച്ച് 26, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**തിരുത്തിയ ഉത്തരം**

10-9-2009-ലെ നക്ഷത്രചിഹ്നമിട്ട 66-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

XII-ാം കേരള നിയമസഭയുടെ XII-ാം സമ്മേളനത്തിലെ 10-9-2009-ലെ നക്ഷത്ര ചിഹ്നമിട്ട 66-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിന്റെ തിരുത്തിയ ഉത്തരം നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ചു.

**അടിയന്തിരപ്രമേയം**

സർവ്വീസ് ചട്ടങ്ങൾ ലംഘിച്ച് താൽക്കാലിക നിയമനം.

മി. സ്പീക്കർ : സംവരണതത്വം പാലിക്കാതേയും സർവ്വീസ് ചട്ടങ്ങൾ ലംഘിച്ചും താൽക്കാലിക നിയമനം നടത്തുവാൻ ഗവൺമെന്റ് നൽകിയ നിർദ്ദേശംമൂലം സംവരണ സമുദായങ്ങൾക്കും എംപ്ളോയ്മെന്റ്

എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർക്കും സാമാന്യനീതി നിഷേധിക്കപ്പെടുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷത്തെപ്പറ്റി സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം.എ. വാഹീദ്, സി.എഫ്. തോമസ്, സി.ടി. അഹമ്മദ് അലി, കെ.കെ. ഷാജു, കെ.ബി. ഗണേഷ്കുമാർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : കേരളത്തിൽ നിലവിലുള്ള നിയമമനുസരിച്ച് പാർട്ട്ടൈം ഒഴിവുകളിൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമേ നിയമിക്കാൻ പാടുള്ളൂ എന്നാണ് വ്യവസ്ഥ. കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് ഓഫ് 1959 എന്ന കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സ്പെഷ്യൽ റൂൾസ് ഫോർ കേരള പാർട്ടൈം കണ്ടിജന്റ് സർവ്വീസ് ചട്ടങ്ങൾക്ക് വിധേയമായിട്ടാണ് കേരളത്തിൽ നിയമനങ്ങൾ നടത്തുന്നത്. നിലവിലുള്ള നിയമത്തിലെ പോരായ്മ പരിഹരിക്കാൻ വേണ്ടി കേരള കമ്പൽസറി റിക്രൂട്ട്മെന്റ് ത്രൂ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് ആക്ട് എന്ന പേരിൽ ഒരു നിയമത്തിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കിയത് നിയമവകുപ്പിന്റെ സജീവ പരിഗണനയ്ക്ക് വിധേയമാക്കി എത്രയും വേഗം ഓർഡിനൻസായി കൊണ്ടുവരണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. എംപ്ളോയ്മെന്റ് എക്ചേഞ്ചുവഴിയുള്ള നിയമനങ്ങളിൽ കാലതാമസം ഒഴിവാക്കാനും സംവരണതത്വം പാലിക്കാനും കുടുംബശ്രീ വഴി മാത്രമേ താൽക്കാലിക ഒഴിവുകളിൽ നിയമനം നടത്താൻ പാടുള്ളൂവെന്നാണ് ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ 9-2-2010-ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത്. ആ

ഉത്തരവ് ഇതുവരേയും നടപ്പാക്കിയിട്ടില്ല. അതുകൊണ്ട് ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. എം.എ. വാഹീദ്: ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം കേരള യൂണിവേഴ്സിറ്റി, തിരുവനന്തപുരം മെഡിക്കൽ കോളേജ്, ദന്തൽ കോളേജ് എന്നിവിടങ്ങളിൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ ധാരാളം നിയമനങ്ങൾ നടന്നിട്ടുണ്ട്. ഫിനാൻസ് ഡിപ്പാർട്ട്മെന്റിന് ഇത്തരത്തിൽ ഒരു ഓർഡർ ഇറക്കാനുള്ള അധികാരമില്ല. സാമുദായിക സംവരണമനുസരിച്ചും സാമൂഹ്യനീതി ഉറപ്പുവരുത്തിയും എംപ്ളോയ്മെന്റ് എകസ്ചേഞ്ചു വഴി നിയമനം നൽകിയിരുന്നത് ഒഴിവാക്കി രാഷ്ട്രീയമായി രൂപീകരിക്കപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്ക് നിയമനം കൊടുക്കുന്നത് കേരളത്തിൽ കലാപവും അരാജകത്വവും ഉണ്ടാകാൻ ഇടയാക്കും. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണം.

ശ്രീ. പി. കെ. ഗുരുദാസൻ: കേരളയൂണിവേഴ്സിറ്റി, മെഡിക്കൽ കോളേജ്, ദന്തൽ കോളേജ് എന്നീ സ്ഥാപനങ്ങളിൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ച ആരേയും പിരിച്ചു വിട്ടിട്ടില്ല. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള നിയമനങ്ങൾ ഒഴിവാക്കാനോ സംവരണ തത്വങ്ങൾ ലംഘിക്കാനോ നിരാലംബരായ ആളുകളെ നിയമിക്കാതിരിക്കാനോ ഗവൺമെന്റിന് ഉദ്ദേശമില്ല. ഫിനാൻസ് ഡിപ്പാർട്ട്മെന്റ് ഇറക്കിയ ഉത്തരവിൽ എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതാണ്. കേരളത്തിലെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനത്തിന് സ്പെഷ്യൽ റൂൾസ് കർശനമായി പാലിക്കണമെന്നുള്ളത് പലപ്രാവശ്യം

മന്ത്രിസഭതന്നെ ചർച്ച ചെയ്തിട്ടുള്ളതാണ്. എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനത്തെ ചോദ്യം ചെയ്യുന്ന തരത്തിലുള്ള ഒരു നടപടിയും ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടാകുകയില്ല. ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : ഫിനാൻസ് ഡിപ്പാർട്ട്മെന്റിന് ഇങ്ങനെ ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ യാതൊരു അവകാശവുമില്ല. കുടുംബശ്രീയെന്നു പറയുന്നത് നമ്മുടെ സംസ്ഥാനത്തെ ഒരു ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുമായി ബന്ധപ്പെട്ട് സ്വന്തമായി വരുമാനമുണ്ടാക്കുന്ന ഒരു യൂണിറ്റാണ്. എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി സംവരണതത്വം പാലിച്ചും സാമൂഹ്യനീതിയിലൂടെയും നടപ്പിലാക്കേണ്ട നിയമനം കുടുംബശ്രീവഴി മാത്രമേയാകാവൂ എന്ന തരത്തിൽ ഒരു ഓർഡർ ഇറക്കാനുള്ള സാഹചര്യം ധനകാര്യ വകുപ്പിനില്ല.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : ഈ ഓർഡറിൽ അവ്യക്തതയുണ്ടെങ്കിൽ പരിശോധിച്ച് തിരുത്തൽ വരുത്താം.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

**ശ്രദ്ധക്ഷണിക്കൽ**

(1) സർവ്വകലാശാലാ നിയമനങ്ങൾ

ശ്രീ. എം. ഉമ്മർ: സംസ്ഥാനത്തെ സർവ്വകലാശാലകളിലെ നിയമനങ്ങളിൽ അഴിമതിയും സ്വജനപക്ഷപാതവുമാണ് നടമാടുന്നത്. അക്കാഡമിക് കാര്യത്തിലോ ഗവേഷണങ്ങളിലോ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിലോ ശ്രദ്ധിക്കുന്നതിനു പകരം നിയമന

കാര്യങ്ങൾക്കാണ് യൂണിവേഴ്സിറ്റികൾ കൂടുതൽ പ്രാധാന്യം കൊടുക്കുന്നത്. കേരള സർവ്വകലാശാലയിലെ വിവാദമായ അസിസ്റ്റന്റ് നിയമനത്തെ സംബന്ധിച്ച് ഹൈക്കോടതിയും ലോകായുക്തയും നിശിതമായി വിമർശിച്ചിട്ടുണ്ട്. സുതാര്യമായ രീതിയിലല്ല ഇന്ന് യൂണിവേഴ്സിറ്റിയിൽ നിയമനങ്ങൾ നടക്കുന്നത്. കാർഷിക സർവ്വകലാശാലകളിലെ നിയമനങ്ങളിൽ വ്യാപകമായ അഴിമതിയുണ്ടായതിനെത്തുടർന്ന് അവിടത്തെ നിയമനം പി.എസ്.സി.ക്ക് വിടാൻ തീരുമാനിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലേയും എഞ്ചിനീയറിംഗ് കോളേജുകളിലേയും സ്വയംഭരണ സ്ഥാപനങ്ങളിലേയും നിയമനങ്ങൾ പി.എസ്.സി.യാണ് നടത്തുന്നത്. അതുകൊണ്ട് ഹൈക്കോടതിയുടേയും ലോകായുക്തയുടേയും വിധിയുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് സർവ്വകലാശാലകളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർവ്വകലാശാലകൾ സ്വയംഭരണ സ്ഥാപനങ്ങളാണ്. വർഷങ്ങളായി സർവ്വകലാശാലയിലെ അധ്യാപകരുടെയും ജീവനക്കാരുടേയും നിയമനങ്ങൾ സർവ്വകലാശാല ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി അവർ തന്നെയാണ് നടത്തുന്നത്. ഹൈക്കോടതിയുടെ ചില നിരീക്ഷണങ്ങൾ നിയമന കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. സർവ്വകലാശാല ഒരു ജനതയുടെ വളർച്ചയുടെ അടിത്തറയായതിനാൽ അവിടെ നടത്തേണ്ട അക്കാഡമിക് പ്രവർത്തനങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ഡോ. കെ. എൻ. പണിക്കരുടെ നേതൃത്വത്തിൽ ഒരു ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ച് സർവ്വകലാശാലകളുടെ ചട്ടങ്ങളെല്ലാം പരിശോധിച്ച് ആവശ്യമായ ഭേദഗതി വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനുവേണ്ടി

ഡോ. അനന്തകൃഷ്ണന്റെ നേതൃത്വത്തിൽ നിയോഗിച്ചിട്ടുള്ള കമ്മിറ്റിയുടെ ശുപാർശ കിട്ടുന്നമുറയ്ക്ക് നിയമന കാര്യങ്ങളെക്കുറിച്ച് പരിശോധിക്കാം. സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനത്തിൽ ഉന്നത നിലവാരം പുലർത്തേണ്ടതുള്ളതുകൊണ്ട് പ്രൊഫസർമാർ, കേരളത്തിനു പുറത്തുള്ള സർവ്വകലാശാലകളിലെ വിദഗ്ദ്ധന്മാർ തുടങ്ങിയവർ ചേർന്ന സമിതി അദ്ധ്യാപകരെ നിയമിക്കുന്ന നിലവിലുള്ള രീതി തുടരുന്നതാണ് ഉചിതം. സർവ്വകലാശാല ജീവനക്കാരുടെ നിയമനം പി.എസ്.സി.ക്ക് വിടുന്നത് സംബന്ധിച്ച് ഗൗരവമായി ആലോചിക്കാം.

(2) <u>ആരോഗ്യ ഭവൻ</u>

<u>ശ്രീ. കെ. സി. രാജഗോപാലൻ:</u> മണ്ഡല-മകരവിളക്കു കാലത്ത് ഇൻഡ്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുംമറ്റുമായി കോടിക്കണക്കിന് തീർത്ഥാടകരാണ് ശബരിമലയിൽ എത്തിക്കൊണ്ടിരിക്കുന്നത്. ഇക്കഴിഞ്ഞ സീസണിൽ ഏതാണ്ട് നാലുകോടിയിലധികം തീർത്ഥാടകർ എത്തിയിട്ടുണ്ടെന്നാണ് കണക്ക്. കൂടാതെ തൊഴിലാളികളും ജീവനക്കാരുമെല്ലാം കൂടി ആയിരക്കണക്കിനാളുകൾ പമ്പയിലും സന്നിധാനത്തുമായി സ്ഥിരമായി താമസിക്കുന്നുമുണ്ട്. അപ്പാച്ചിമേട്ടിലും നീലിമലയിലുമുള്ള ആശുപത്രികളെയാണ് ഇവർ ചികിത്സയ്ക്കായി ആശ്രയിക്കുന്നത്. ഈ ആശുപത്രികൾ നവീകരിച്ച് കൂടുതൽ സൗകര്യങ്ങളുണ്ടാക്കിയിട്ടുണ്ടെങ്കിലും തീർത്ഥാടന കാലത്ത് ഈ സൗകര്യങ്ങൾ അപര്യാപ്തമാണ്. അലോപ്പതി, ഹോമിയോ, ആയുർവേദ ആശുപത്രികൾ സ്ഥിതി ചെയ്യുന്ന പമ്പയിലെ വളരെ പഴകിയ കെട്ടിടം പൊളിച്ച് അവിടെ ആരോഗ്യ ഭവൻ പണിയുന്നതിന് ആരോഗ്യ വകുപ്പ് ചില എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കിയിട്ടുണ്ട്. ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ആരോഗ്യഭവന്റെ പണി അടുത്ത ശബരിമല

സീസണിലെങ്കിലും പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കൂടാതെ സ്പോൺസർമാരെ കണ്ടെത്തി ശബരിമലയിലെ പൊതു അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രത്യേക പരിപാടിക്കും മുൻകൈയെടുക്കണം.

ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ദേശീയ-അന്തർദ്ദേശീയ പ്രാധാന്യമുള്ള ശബരിമലയിൽ ഓരോ വർഷവും തീർത്ഥാടകരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഭക്തജനങ്ങളുടെ ചികിത്സാ സൗകര്യങ്ങളും ആരോഗ്യ പരിപാലന പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് ഗവൺമെന്റും ദേവസ്വം ബോർഡും ആരോഗ്യ വകുപ്പുമൊക്കെ ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി ദേവസ്വം ബോർഡ് നടപ്പിലാക്കി വരികയാണ്. പമ്പയിൽ നിലവിലുള്ള ആശുപത്രി വിപുലപ്പെടുത്താനുള്ള നിർദ്ദേശം ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ദേവസ്വം ബോർഡ് ആരംഭിച്ചിട്ടുണ്ട്. നീലിമലയിലും അപ്പാച്ചിമേട്ടിലും അത്യന്താധുനികമായ സൗകര്യങ്ങളോടുകൂടിയ കാർഡിയോളജി സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ശബരിമല മാസ്റ്റർ പ്ലാനിന്റെ വിശദാംശങ്ങൾ തയ്യാറാക്കുന്ന പ്രക്രിയ ഇപ്പോൾ നടന്നുവരികയാണ്. അതിൽ ആരോഗ്യഭവനവും ഉൾപ്പെടുത്തുന്നതാണ്. ശബരിമലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ സന്നദ്ധമായിട്ടുള്ള സംഘടനകളുണ്ടെങ്കിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർക്കും. അടുത്ത വർഷം ശബരിമലയിൽ ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് ദേവസ്വം ബോർഡ് ചില പരിപാടികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): ശബരിമലയിൽ വരുന്ന ഭക്തജനങ്ങൾക്കുവേണ്ടി ഗവൺമെന്റും ദേവസ്വം ബോർഡും ആരോഗ്യ രംഗത്ത് വളരെ ഫലപ്രദമായി ട്ടുള്ള പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചിരിക്കുന്നത്. രണ്ട് വർഷം മുമ്പ് മുതൽ ശബരിമല സന്നിധാനത്തിൽ മിനി ഓപ്പറേഷൻ തീയേറ്ററും ഐ.സി. യു.വും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ തയ്യാറാക്കി. അപ്പാച്ചിമേട്ടിലും നീലിമലയിലും ഹൃദ്രോഗബാധയുണ്ടാകുന്ന രോഗികളെ ചികിത്സിപ്പിക്കുവാൻ സൗകര്യമുള്ള രണ്ട് ആശുപത്രികൾ നിർമ്മിച്ചു. പമ്പയിലെ ആശുപത്രിയെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുകയാണെങ്കിൽ ആവശ്യമായ ഫണ്ട് ലഭ്യമാക്കിക്കൊണ്ട് 24 മണിക്കൂറും പ്രവർത്തിക്കുന്ന എല്ലാവിധ സൗകര്യങ്ങളോടും കൂടിയിട്ടുള്ള ഒരാശുപത്രിയാക്കി മാറ്റാൻ സാധിക്കും.

**സബ്മിഷൻ**

(1) സൈനിക സ്കൂൾ

ശ്രീ. വി. ശിവൻകുട്ടി: തിരുവനന്തപുരത്ത് കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന സൈനിക സ്കൂളിൽ ആവശ്യമായ പഠന സൗകര്യം ഇല്ലെന്നു മാത്രമല്ല അധ്യാപകരും രക്ഷകർത്താക്കളും ചേർന്നുള്ള ഒരു സൊസൈറ്റിയാണ് കുട്ടികളിൽ നിന്നും ഫീസ് പിരിച്ചെടുത്ത് അവിടത്തെ സ്റ്റാഫിന് ശമ്പളവും പെൻഷനുമൊക്കെ കൊടുക്കുന്നത്. ഒരു സംയുക്ത സംരംഭമായ ഈ സ്കൂളിന് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിൽ നിന്നും യാതൊരുവിധ സഹായവും ലഭ്യമാകുന്നില്ല. ഇക്കാര്യങ്ങൾ കേന്ദ്ര പ്രതിരോധമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ സൗകര്യങ്ങൾ നേടിയെടുക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സൈനിക സ്കൂൾ സൊസൈറ്റിയാണ് കുട്ടികളിൽ നിന്നും കിട്ടുന്ന ഫീസ്, കേന്ദ്ര സർക്കാരിൽ നിന്നും കിട്ടുന്ന ആനുകൂല്യങ്ങൾ, സ്കൂളിന്റെ വരുമാനം എന്നിവയിൽ നിന്ന് സൈനിക സ്കൂളുകളുടെ ഭരണപരമായ കാര്യങ്ങളും സ്കൂൾ ജീവനക്കാരുടെ ശമ്പളവും മറ്റു ചെലവുകളും വഹിക്കുന്നത്. 1999-2000 മുതൽ കുട്ടികളുടെ ഫീസിൽ വർഷംതോറും ശരാശരി പത്ത് ശതമാനം വർദ്ധനവ് വരുത്തുവാനുള്ള തീരുമാനം സൈനിക സ്കൂൾ സൊസൈറ്റി നടപ്പിൽ വരുത്തിയിട്ടുണ്ട്. ഫീസിന്റെ ഭാരം ലഘൂകരിക്കുന്നതിനായി കഴക്കൂട്ടം സൈനിക സ്കൂളിലെ കേരളീയരായ വിദ്യാർത്ഥികൾക്ക് രക്ഷകർത്താക്കളുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 14,000 രൂപ വരെ വാർഷിക സ്കോളർഷിപ്പായി സംസ്ഥാനം നൽകി വരുന്നു. കഴക്കൂട്ടം സൈനിക സ്കൂളിലെ ഡോർമിറ്ററികളെല്ലാം വാസയോഗ്യമാണ്. ഓരോ വർഷവും സ്കൂൾകെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി സംസ്ഥാന സർക്കാർ ഫണ്ട് അനുവദിക്കുകയും പൊതുമരാമത്തുവകുപ്പുവഴി പണികൾ നടത്തുകയും ചെയ്യുന്നുണ്ട്. ഓരോ കുട്ടിക്കും സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ള ഡയറ്റ് സപ്ലിമെന്ററി ചാർജ്ജ് 2011-12 മുതൽ 35 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്കൂളിൽ രക്ഷകർതൃ സമിതി നിലവിലുണ്ട്. സൈനിക സ്കൂളിന്റെ ലോക്കൽ ബോഡി ഓഫ് അഡ്മിനിസ്ട്രേഷനിലെ അംഗങ്ങളെ തീരുമാനിക്കുന്നത് കേന്ദ്ര പ്രതിരോധ മന്ത്രി ചെയർമാനായ ബോർഡ് ഓഫ് ഗവർണേഴ്സ് ആണ്. ആ ബോർഡിന്റെ ഘടനയിൽ മാറ്റം വരുത്തുവാനുള്ള അധികാരം ബോർഡ് ഓഫ് ഗവർണേഴ്സിനും സൈനിക സ്കൂൾ സൊസൈറ്റിക്കുമാണ്.

(2) <u>റിക്രൂട്ടിംഗ് ഏജന്റുകളുടെ തട്ടിപ്പുകൾ തടയാൻ നടപടി</u>

<u>ശ്രീ. എം. മുരളി:</u> വിസാ തട്ടിപ്പിന് ഇരയായും അക്കാമ ഇല്ലാതെയും വിദേശ രാജ്യങ്ങളിൽ ജയിലുകളിലും ഒളിവിലുമായി കഴിയുന്നവരെയും പീഡനങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളെയും രക്ഷിക്കുന്നതിന് നോർക്ക ഡിപ്പാർട്ടുമെന്റ് മുൻകൈയെടുക്കണം. ജോലി തട്ടിപ്പ് നടത്തുന്ന ഏജൻസികളെ ബ്ലാക്ക്ലിസ്റ്റ് ചെയ്യാനും കർശനമായി നിരീക്ഷിക്കാനും നിയന്ത്രിക്കാനും ആഭ്യന്തര വകുപ്പ് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):</u> സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വ്യാജ റിക്രൂട്ടിംഗ്/ട്രാവൽ ഏജന്റുമാരുടെ വിശദ വിവരങ്ങൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ രേഖപ്പെടുത്തുകയും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന ഏജന്റുമാരുടെ പേരിൽ കേസ് രജിസ്റ്റർചെയ്ത് നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. രജിസ്റ്റേർഡ് ട്രാവൽ ഏജന്റുമാർ വ്യാജ വിസ നേടിയെടുത്തതായി തെളിഞ്ഞാൽ അവരുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഏജൻസികൾ നൽകുന്ന വിസയുടെ സത്യാവസ്ഥ അറിയുന്നതിനുള്ള സംവിധാനം നോർക്ക വകുപ്പിൽ നിലവിലുണ്ട്. വിസ തട്ടിപ്പിനിരയായി വിദേശത്ത് കഴിയുന്ന കേരളീയരെ സഹായിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചുവരുന്നു. സ്ത്രീകളുടെ വ്യാജ റിക്രൂട്ട്മെന്റ് തടയുന്നതിനായി ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ദൃശ്യ-ശ്രാവ്യ-മാധ്യമങ്ങൾവഴി പരസ്യങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.

## (3) കൊപ്ര സംഭരണം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: കൺസ്യൂമർഫെഡ്, സുഭിക്ഷ തുടങ്ങിയ നാളികേര സംഭരണ ഏജൻസികൾ നൽകുന്ന കൊപ്ര ഏറ്റെടുക്കാൻ നാഫെഡ് തയ്യാറാകാത്തതിനാൽ സഹകരണ ബാങ്കുകളോ മറ്റ് ഔദ്യോഗിക ഏജൻസികളോ കൊപ്ര സംഭരിക്കാൻ മുൻകൈയെടുക്കാത്ത അവസ്ഥയ്ക്ക് പരിഹാരം കാണാനാവശ്യമായ നടപടി സ്വീകരിക്കണം.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കേരകർഷകരെ സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഗവൺമെന്റ് നാഫെഡ് എം. ഡി. ഉൾപ്പെടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്തതിന്റെ ഫലമായി 2010 മുതൽ കൊപ്രയും പച്ചത്തേങ്ങയും സംഭരിക്കുന്നതിന് നാഫെഡ് അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 23383 ക്വിന്റൽ പച്ചതേങ്ങ കൺസ്യൂമർഫെഡും 10,000 ക്വിന്റൽ കേരഫെഡും സംഭരിച്ചു. കൺസ്യൂമർ ഫെഡ് സംഭരിച്ച പച്ചത്തേങ്ങ കൊപ്രയാക്കി നാഫെഡിന് കൊടുത്തുവെങ്കിലും അതു പരിശോധിച്ച സ്വകാര്യ ഏജൻസികൾ അത് തള്ളിക്കളയുകയാണുണ്ടായത്. നാഫെഡ് ഇടപെട്ട് ഈ പ്രശ്നം പരിഹരിക്കുകയും മേലിൽ ഇങ്ങനെ സംഭവിക്കുകയില്ലെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. ഗുണമേന്മ ഉറപ്പുവരുത്തുന്ന കാര്യത്തിൽ കൺസ്യൂമർഫെഡ് ശ്രദ്ധിക്കണമെന്ന് ഗവൺമെന്റ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കൃഷിക്കാർക്ക് സഹായകരമായ പച്ചത്തേങ്ങ സംഭരണം സ്വാർത്ഥ ലാഭത്തിനുവേണ്ടി ഉപയോഗിക്കാൻ ആരെയും ഗവൺമെന്റ് അനുവദിക്കുകയില്ല.

## (4) ഉന്നതവിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ അടുത്ത അധ്യയന വർഷത്തേയ്ക്കുള്ള പ്രവേശനത്തിൽ വ്യക്തത വരുത്തുന്നതിന് മാനേജുമെന്റുമായി ധാരണയിലെത്താൻ ഗവൺമെന്റിന് കഴിയാത്തതിനാൽ അന്യ സംസ്ഥാന കോളേജുകളും മാനേജുമെന്റുകളും ഏറ്റവും കൂടുതൽ മുതലെടുക്കുന്ന സ്ഥിതിയാണുള്ളത്. എ. ഐ. സി. റ്റി. യുടെ ശമ്പള സ്ക്കെയിൽ നടപ്പാക്കുന്നതിനാൽ എൻജിനീയറിംഗ് വിദ്യാർത്ഥികളുടെ ഫീസ് വർദ്ധിപ്പിക്കണമെന്ന് മാനേജുമെന്റ് അസോസിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്റർ ചർച്ച് കൗൺസിലിൽ അംഗത്വമുള്ള നാല് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അംഗീകാരം പിൻവലിച്ചത് റദ്ദാക്കുമെന്ന ഉറപ്പ് പാലിക്കപ്പെട്ടിട്ടില്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇന്ന് നിലനിൽക്കുന്ന അനിശ്ചിതത്വം അവസാനിപ്പിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): ഈ ഗവൺമെന്റ് 2006-ൽ സ്വാശ്രയ വിദ്യാഭ്യാസ രംഗത്തെ പ്രവേശനം സംബന്ധിച്ച മുഴുവൻ പ്രശ്നങ്ങളും അവസാനിപ്പിച്ചു. 2006-ൽ ഗവൺമെന്റുമായി സഹകരിക്കാതിരുന്ന 4 കോളേജുകളിൽ പ്രവേശനം നടത്തിയ കുട്ടികൾക്ക് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ ഫീസ് കൊടുത്ത് പഠനം പൂർത്തിയാക്കാൻ കഴിഞ്ഞത് ഇപ്പോഴാണ്. കഴിഞ്ഞ വർഷം 1305 എം.ബി.ബി.എസ്. സീറ്റിലേയ്ക്കും, 598 ബി.ഡി.എസ്. സീറ്റുകളിലേയ്ക്കും, 19580 എൻജിനീയറിംഗ് സീറ്റുകളിലേയ്ക്കും സർക്കാർ അലോട്ട്മെന്റ് നടത്തി. അതിൽ സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ അലോട്ട്മെന്റ് വഴി ലഭ്യമായ 445 സീറ്റുകളിൽ 114 സീറ്റുകൾ

എസ്.സി.ബി.സി.-ക്കും, 44 സീറ്റുകൾ എസ്.സി/എസ്.ടി. വിഭാഗത്തിനും നൽകുകയുണ്ടായി. ഈ ഗവൺമെന്റ് വന്നതിനുശേഷം പട്ടികജാതി/പട്ടിക വർഗ്ഗ-മെഡിക്കൽ-വിദ്യാഭ്യാസ വകുപ്പുകൾ സംയോജിച്ച് പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുകയും അവർക്കായി മാറ്റി വച്ചിട്ടുള്ള എല്ലാ സീറ്റുകളിലും അഡ്മിഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം സ്വകാര്യ-സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ അലോട്ട്മെന്റിന് ലഭ്യമായ 9541 സീറ്റുകളിൽ 2364 സീറ്റുകൾ എസ്.സി.ബി.സി.-ക്കും 944 സീറ്റുകൾ എസ്.സി./എസ്.ടി. വിഭാഗത്തിനും നൽകുകയുണ്ടായി. ഈ വർഷവും ഇതേ രീതിയിൽ തുടരാൻ കഴിയും. ഗവൺമെന്റുമായി സഹകരിക്കാത്ത എൻജിനീയറിംഗ് കോളേജുകളിൽ ക്ലാസ് തുടങ്ങുന്നതിന് മുൻപ് തന്നെ ഗവൺമെന്റുമായി സഹകരിക്കുന്ന കോളേജുകളിൽ ക്ലാസ്സുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(5) <u>ജനറം (JNNRUM) പദ്ധതി പ്രകാരം ഫ്ളൈ-ഓവർ നിർമ്മാണം.</u>

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: കൊച്ചിയിലെ വെല്ലിംഗ്ടൺ ഐലന്റിലെ ലെവൽ-ക്രോസിലുണ്ടാകുന്ന വൻഗതാഗത തടസ്സം ഒഴിവാക്കാൻ ജനറം പദ്ധതിയിലുൾപ്പെടുത്തി ഫ്ളൈ-ഓവർ നിർമ്മിക്കുന്നതിനവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി</u>): ജനറം പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള സിറ്റി ഡെവലപ്മെന്റ് പ്ലാനിൽ പ്രസ്തുത ഫ്ളൈ-ഓവർ നിർമ്മാണം ഉൾപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാർ ജനറം പദ്ധതിയിൽ കൊച്ചി നഗരത്തിനുവേണ്ടി നീക്കിവച്ച അടങ്കൽ തുക ഇതിനകം

തീർന്നുപോയതിനാൽ പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുമ്പോൾ പ്രസ്തുത ഫ്ളൈ-ഓവർ നിർമ്മാണം കൂടി സിറ്റി ഡെവലപ്മെന്റ് പ്ലാനിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കാവുന്നതാണ്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാൽ മാത്രമേ പ്രസ്തുത പദ്ധതി ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ.

(6) <u>കോട്ടയം ജില്ലാപഞ്ചായത്തിലെ ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം.</u>

<u>ശ്രീ. കെ. അജിത്</u>: കോട്ടയം ജില്ലാപഞ്ചായത്തിൽ ഒഴിവുള്ള സെക്രട്ടറി, എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റന്റ് എൻജിനീയർ എന്നീ തസ്തികകളിലേയ്ക്ക് അടിയന്തിരമായി നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി</u>): കോട്ടയം ജില്ലാ പഞ്ചായത്തിലെ സെക്രട്ടറി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്ന ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേയ്ക്ക് അഞ്ച് തവണ അപേക്ഷ ക്ഷണിച്ചുവെങ്കിലും യോഗ്യതയുള്ളവരെ കണ്ടെത്തി നിയമിക്കാൻ കഴിഞ്ഞിട്ടില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർ തസ്തികയിൽ നിന്ന് പ്രമോഷൻ നൽകി എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിയമിക്കുന്നതിന് വകുപ്പുതല പ്രമോഷൻ കമ്മിറ്റി കൂടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് നിലവിലുള്ള ഹൈക്കോടതി സ്റ്റേ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഒഴിവുള്ള തസ്തികകളുടെ ചുമതല മറ്റ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളതിനാൽ പദ്ധതി പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടക്കുന്നുണ്ടെങ്കിലും നിയമനം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(7) ആർക്കൈവ്സുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: കേരളത്തിന്റെ ചരിത്ര രേഖകളെല്ലാം അടിയന്തിരമായി മൈക്രോഫിലിം ഡിജിറ്റൈസേഷൻ തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകളുടെ അടിസ്ഥാനത്തിൽ സൂക്ഷിക്കണം. ആർക്കൈവ്സുകളിലെ ജീവനക്കാർ ഈ രേഖകൾക്കെല്ലാം ചിട്ടയായ ഇൻഡക്സ് തയ്യാറാക്കി ഗവേഷകർക്ക് ആവശ്യമായവ കൃത്യമായി എത്തിക്കാൻ പ്രാപ്തരാകണം. ആവശ്യമായ ഫണ്ട് ശേഖരിച്ച് ചരിത്ര രേഖകൾ സംരക്ഷിക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): വിവിധ വകുപ്പുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽനിന്നും പുരാരേഖകൾ ശേഖരിച്ച് ആധുനിക ശാസ്ത്രീയ രീതിയിൽ സംരക്ഷിക്കുകയും ഗവേഷകർക്കും ആവശ്യമുള്ളവർക്കും അവ ലഭ്യമാക്കുകയും ചെയ്യുന്നതാണ് പുരാരേഖാ വകുപ്പിന്റെ പ്രധാന പ്രവർത്തനം. എ.ഡി. 1500 മുതൽ 1985 വരെയുള്ള രേഖകളാണ് ആർക്കൈവ്സ് വകുപ്പിലുള്ളത്. ഡി-അസിഡിഫിക്കേഷൻ, ഫ്യൂമിഗേഷൻ തുടങ്ങി വിവിധ ശാസ്ത്രീയ സംരക്ഷണ പ്രക്രിയകളാണ് രേഖകൾ സംരക്ഷിക്കുന്നതിന് ഉപയോഗപ്പെടുത്തുന്നത്. നാഷണൽ ആർക്കൈവ്സ് ഓഫ് ഇന്ത്യയിൽ നിന്നും ഗുണമേന്മയുള്ള ടിഷ്യൂ പേപ്പർ ലഭ്യമാക്കിയാണ്

സംസ്ഥാന ആർക്കൈവ്സിന്റെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ആർക്കൈവ്സിന്റെ ഭൂരിഭാഗം രേഖകൾക്കും വിഷയസൂചിക നിലവിലുണ്ട്. സി-ഡിറ്റിന്റെ സഹായത്തോടെ രേഖകളുടെ ഡിജിറ്റൈസേഷൻ നടന്നുവരികയാണ്. 'താളിയോല -കേരള ആർക്കൈവ്സ്' എന്ന പേരിൽ പ്രശസ്ത ചരിത്രകാരന്മാരുടെ ലേഖനങ്ങളും തെരഞ്ഞെടുത്ത ആർക്കൈവ്സ് രേഖകളും ഉൾപ്പെടുത്തി ഒരു ത്രൈമാസ ജേർണൽ പ്രസിദ്ധീകരിച്ചു തുടങ്ങിയിട്ടുണ്ട്. സ്കൂൾ തലത്തിൽ ഹെറിട്ടേജ് ക്ലബ്ബുകൾ രൂപീകരിച്ചുകൊണ്ട് വിദ്യാർത്ഥികളിൽ ചരിത്രാവബോധം സൃഷ്ടിക്കുന്ന പ്രവർത്തനവും നടന്നുവരുന്നുണ്ട്. ആർക്കൈവ്സിൽ എത്തുന്ന ഗവേഷകർക്കും പൊതുജനങ്ങൾക്കും മികച്ച സേവനം ലഭ്യമാക്കുന്നതിന് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാതൃകയിൽ ഒരു ഗവേഷണ വിഭാഗവും പ്രസിദ്ധീകരണ വിഭാഗവും രൂപവൽക്കരിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നു.

(8) <u>സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകളുടെ അംഗീകാരം</u>

<u>ശ്രീ. കെ. പി. മോഹനൻ:</u> സംസ്ഥാനത്ത് 169 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ തസ്തിക അനുവദിച്ചെങ്കിലും ഉത്തരവ് ഇറങ്ങാത്തത് കാരണം നിയമിക്കപ്പെട്ടവർ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിക്കാതെ ദുരിതം അനുഭവിക്കുകയാണ്. ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിക്കാതെ 18 വർഷം സേവനമനുഷ്ഠിച്ചതിനുശേഷം കണ്ണൂർ ജില്ലയിലെ കരുവള്ളൂർ മാന്യഗുരു യു.പി. സ്കൂളിൽനിന്നും റിട്ടയർ ചെയ്യുന്ന ശ്രീ. ബാലസുബ്രഹ്മണ്യനെപ്പോലെ കടബാദ്ധ്യതയും കുടുംബഭാരവുമായി ജീവിക്കുന്ന അദ്ധ്യാപകരുടെ ദുരിതം മനസ്സിലാക്കി സ്പെഷ്യലിസ്റ്റ് അദ്ധ്യാപ

കരുടെ തസ്തിക അംഗീകരിച്ച് സേവന വേതനവും മറ്റാനുകൂല്യങ്ങളും നൽകാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): കെ.ഇ.ആർ. പ്രകാരം യു.പി. വിഭാഗത്തിൽ ചുരുങ്ങിയത് 500 കുട്ടി കളുണ്ടെങ്കിൽ മാത്രമേ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കാവൂ എന്ന മാനദണ്ഡം പാലിക്കാതെ പല സ്വകാര്യ മാനേജർമാരും ഇല്ലാത്ത തസ്തിക യിലേയ്ക്ക് നിയമിക്കാറുണ്ട്. 1-4-93 മുതൽ മാന്യഗുരു യു.പി. സ്കൂളിലെ ചിത്രകലാ സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തിക റദ്ദായി. ഇല്ലാത്ത തസ്തികയിലേയ്ക്കാണ് ശ്രീ. ബാലസുബ്രഹ്മണ്യനെ നിയമിച്ചത്. ശമ്പളവും പെൻഷനും മറ്റാനുകൂല്യങ്ങളും ലഭിക്കാതെ 2010 മാർച്ച് 31-ന് റിട്ടയർ ചെയ്യുന്ന ബാലസുബ്രഹ്മണ്യന്റെ കാര്യത്തിൽ സ്കൂളിലെ മാനേജർ എന്താണ് ചെയ്യേണ്ടതെന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ഇത്തരം അദ്ധ്യാപക രുടെ കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ പറ്റുമോയെന്ന് ആലോചിച്ച് തീരുമാനിക്കേണ്ടതാണ്.

(9) പാറശ്ശാല കേന്ദ്രീകരിച്ച് എക്സൈസ് റേഞ്ച് ഓഫീസ്

ശ്രീ. ആർ. സെൽവരാജ്: കേരള-തമിഴ്നാട് അതിർത്തിയായ പാറശ്ശാല കേന്ദ്രീകരിച്ച് നടന്നുവരുന്ന വ്യാജ മദ്യകടത്ത് മാഫിയകളുടെ പ്രവർത്തനം തടയുന്നതിന് പാറശ്ശാലയിൽ ഒരു എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): പാറശ്ശാല, അമ്പൂരി, പരശുവയ്ക്കൽ, കുന്നത്തുകാൽ, വെള്ളറട, വാഴിച്ചൽ

എന്നീ വില്ലേജുകൾചേർത്ത് ഒരു പുതിയ എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കേണ്ടത് വ്യാജമദ്യകടത്ത് തടയുന്നതിന് സഹായകരമാണ്. ഒരു റേഞ്ച് ഓഫീസ് ആരംഭിക്കണമെങ്കിൽ ഒരു വർഷം സർക്കാരിന് ചെലവ് നാൽപതു ലക്ഷത്തോളം രൂപ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമെന്ന് എക്സൈസ് കമ്മിഷണർ അറിയിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പ് ഈ ആവശ്യം തൽക്കാലം മാറ്റിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും അടിയന്തിര ആവശ്യം പരിഗണിച്ച് എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കുന്ന പ്രശ്നം ധനകാര്യ വകുപ്പിനോട് ഉന്നയിച്ചിട്ടുണ്ട്.

(10) <u>ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> കൊല്ലങ്കോട് മണ്ഡലത്തിലെ എലവഞ്ചേരി പഞ്ചായത്തിൽ മലയടിവാരം എന്ന സ്ഥലത്ത് നെൽക്കൃഷിക്ക് വേണ്ടി ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അനുവദിക്കുന്നതിന് അനുഭാവപൂർവ്വമായ സമീപനം ഉണ്ടാകണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ):</u> കൊല്ലങ്കോട് മണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 60,50,000 രൂപയാണ്. മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി പ്രസ്തുത പദ്ധതി ഉൾപ്പെടുത്തുന്നതിനാവശ്യമായ റിക്വസ്റ്റ് ധനകാര്യ വകുപ്പ് സജീവമായി പരിശോധിച്ചുവരികയാണ്.

## (11) മാമ്പാട് മുണ്ടേങ്ങര-പുള്ളിപ്പാടം-ഓടായിക്കൽ റോഡിന്റെ ശോചനീയാവസ്ഥ

ശ്രീ. എ. പി. അനിൽകുമാർ: വണ്ടൂർ നിയോജകമണ്ഡലത്തിലെ മാമ്പാട് പഞ്ചായത്തിലെ പുള്ളിപ്പാടം-ഓടായിക്കൽ റോഡ് പൂർത്തിയാക്കിയതിനുശേഷം കഴിഞ്ഞ 8 വർഷമായി പുനരുദ്ധാരണ പ്രവർത്തനങ്ങളൊന്നും നടത്താത്തതിനാൽ ഗതാഗതയോഗ്യമല്ലാതായിരിക്കുകയാണ്. പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്താനുള്ള നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): വണ്ടൂർ നിയോജകമണ്ഡലത്തിലെ മാമ്പാട് പഞ്ചായത്തിലൂടെ കടന്നുപോകുന്ന മുണ്ടേങ്കര-പുള്ളിപ്പാടം-ഓടായിക്കൽ റോഡ് പണി നബാർഡ് സ്കീമിൽപ്പെടുത്തിയാണ് നടത്തിയിരുന്നത്. നിലവിലുള്ള സാഹചര്യമനുസരിച്ച് പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനം നടത്തേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിലാണ്.

## (12) കോഴിക്കോട്-പാലക്കാട് റോഡ് വികസനം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: എൻ.എച്ച്.ഡി.പി. നാലാംഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ ദേശീയ പാത 213 കോഴിക്കോട്-പാലക്കാട് റോഡിന്റെ വികസന പ്രവർത്തനം ബി.ഒ.ടി. അടിസ്ഥാനത്തിൽ എൻ.എച്ച്. ഫണ്ടുപയോഗിച്ച് നടത്താനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ദേശീയ പാത 213 കോഴിക്കോട്-പാലക്കാട് റോഡ് എൻ.എച്ച്.ഡി.പി. ഫെയ്സ് 4-ൽ

ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന്റെ പ്രായോഗികത പഠിക്കുന്നതിനായി കേന്ദ്ര സർക്കാർ നിയമിച്ച കൺസൾട്ടന്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എൻ.എച്ച്.ഡി.പി. ഫെയ്സ് 4-ൽ രണ്ടുവരി പാതയാണ് ഉദ്ദേശിക്കുന്നത്. ദിനംപ്രതി വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പം കണക്കിലെടുത്ത് ദേശീയ പാത 213, എൻ.എച്ച്.ഡി.പി. ഫെയ്സ് 4-ൽ നിന്ന് ഒഴിവാക്കി നാലുവരി പാതയായി വികസിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

### (13) <u>കോട്ടയം വിശ്വേശ്വരയ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിംഗ് ടെക്നോളജി</u>

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>: കോട്ടയം ജില്ലയിലെ മറ്റക്കരയിൽ പ്രവർത്തിച്ചുവരുന്ന വിശ്വേശ്വരയ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിംഗ് ടെക്നോളജി എന്ന സ്ഥാപനത്തിന്റെ ഉടമയ്ക്കെതിരെ ഉയർന്നുവന്നിരിക്കുന്ന പരാതിയെ സംബന്ധിച്ചും ഹോസ്റ്റലിന്റെയും സ്ഥാപനത്തിന്റെയും അംഗീകാരം ഉൾപ്പെടെയുള്ള കാര്യത്തെക്കുറിച്ചും അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം വിജയകുമാർ)</u> : കോട്ടയം ജില്ലയിൽ പള്ളിക്കത്തോട് പോലീസ് സ്റ്റേഷനതിർത്തിയിൽപ്പെട്ട മറ്റക്കരയിൽ 1988 മുതൽ പ്രവർത്തിച്ചു വരുന്ന വിശ്വേശ്വരയ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനിയറിംഗ് ടെക്നോളജി, എ.എം.ഐ.ഇ. കോഴ്സ് നടത്തി വിദ്യാർത്ഥികളെ പബ്ലിക് പരീക്ഷ എഴുതി

ക്കുന്ന രീതിയിലുള്ളതാണ്. പഠന മികവിനായി എല്ലാ വിദ്യാർത്ഥികളും ഹോസ്റ്റലിൽതന്നെ താമസിച്ചു പഠിക്കണമെന്ന നിബന്ധനയുണ്ട്. പഠനത്തിൽ പിന്നോക്കമായതിനാൽ പഠനം ഉപേക്ഷിച്ചുപോയ ചില വിദ്യാർത്ഥികൾ ഡയറക്ടറുടെ പീഡനവും മറ്റുതരത്തിലുള്ള ഉപദ്രവവും മൂലമാണ് പിരിഞ്ഞു പോയതെന്ന ആരോപണം ഉന്നയിച്ച് കോട്ടയം ജില്ലാ പോലീസ് സൂപ്രണ്ടിന് പരാതി നൽകിയിട്ടുണ്ട്. തുടരെയുള്ള പരാതികൾ സ്ഥാപനത്തിന്റെ പ്രവർത്ത നത്തെ ബാധിക്കുന്നു എന്ന് കാണിച്ചുകൊണ്ട് കുറേ വിദ്യാർത്ഥികൾ കാഞ്ഞി രപ്പള്ളി ഡിവൈ.എസ്.പി.ക്കും കോട്ടയം ജില്ലാ കളക്ടർക്കും പരാതി നൽകി യിട്ടുണ്ട്. ഈ രണ്ടു പരാതിയിന്മേലും അന്വേഷണം നടക്കുകയാണ്. അന്വേ ഷണം ഊർജ്ജിതപ്പെടുത്തി ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### (14) കൈത്തറി നെയ്ത്ത് മേഖലയിലെ പ്രതിസന്ധി

ശ്രീ. എൻ. അനിരുദ്ധൻ : മൂലധനത്തിന്റെ അഭാവം കൊണ്ടും മാർക്കറ്റ് ലഭ്യമല്ലാത്തതുകൊണ്ടും കേന്ദ്ര ഗവൺമെന്റ് റിബേറ്റ് നിറുത്തലാ ക്കിയതുകൊണ്ടും സംസ്ഥാനത്തെ കൈത്തറി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കൈത്തറി മേഖലയിൽ വിപണനം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും പത്ത് ശതമാനം വീതം റിബേറ്റ് നൽകി വന്നിരുന്നു. 1-4-2009 മുതൽ കേന്ദ്ര റിബേറ്റ് നിറുത്തലാക്കിയിരിക്കു കയാണ്. സംസ്ഥാനത്തെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും ഹാൻടെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്കും 2010-11 വർഷത്തെ ഉൽസവബത്ത, യൂണിഫോറം വിൽപ്പനയ്ക്ക് 20 ദിവസത്തേയ്ക്ക് മുപ്പത്

ശതമാനം സ്പെഷ്യൽ റിബേറ്റ്, മറ്റുള്ള ഉൽസവവേളകളിൽ 46 ദിവസത്തെ വിൽപ്പനയ്ക്ക് ഇരുപത് ശതമാനം സംസ്ഥാന റിബേറ്റ് തുടങ്ങിയവയാണ് നൽകുന്നത്. കേന്ദ്ര ഗവൺമെന്റ് നൽകി വന്നിരുന്ന 10 ശതമാനം റിബേറ്റ് സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്തു നൽകുന്നതിനുള്ള പ്രൊപ്പോസൽ ധന കാര്യ വകുപ്പിന്റെ പരിഗണനയിലാണ്. കേന്ദ്ര സർക്കാർ നടപ്പിലാക്കിവരുന്ന സമഗ്ര കൈത്തറി വികസന പദ്ധതിയിലുൾപ്പെടുത്തി അപ്പക്സ് സംഘങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രാഥമിക കൈത്തറി സംഘങ്ങളുടെയും ഹാൻടെക്സിന്റെയും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ഫിനാൻഷ്യൽ പാക്കേജിന്റെ ഭാഗമായി സംസ്ഥാന സർക്കാർ സമർപ്പിച്ച പ്രൊപ്പോസൽ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ 361.15 കോടി രൂപയുടെയും അപ്പക്സ് സംഘത്തിന്റെ 222.14 കോടി രൂപയുടെയും കടബാധ്യതകൾ ഉൾപ്പെടുത്തി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 75 ശതമാനം കേന്ദ്ര വിഹിതവും 20 ശതമാനം സംസ്ഥാന വിഹിതവും 5 ശതമാനം സഹകരണ ബാങ്കിന്റെ വിഹിതവുമാണ്. റീജിയണൽ തലത്തിലും ജില്ലാതലത്തിലും സംഘടിപ്പിക്കുന്ന എക്സിബിഷനുകളിലും കേരള ടെക്സ് ഫെയർ, ഇൻഡ്യാ ഇന്റർനാഷണൽ ട്രേഡ് ഫെയർ തുടങ്ങിയ മേളകളിലും പങ്കെടുത്ത് വിപണനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരികയാണ്.

## (15) <u>പ്രജനന നയം പരിഷ്ക്കരിക്കാനും സർക്കാർ ഏജൻസി വഴി പശുക്കളെ വാങ്ങി നൽകാനും നടപടി</u>

<u>ശ്രീമതി കെ.കെ. ലതിക</u>: ദേശീയ ഡയറി വികസന ബോർഡിന്റെ ഇൻഡ്യാജെൻ എന്ന ബീജം ക്ഷീര കർഷകർക്ക് വാങ്ങുന്നതിന് അനുവാദം നൽകത്തക്കവിധത്തിൽ പ്രജനന നയം പരിഷ്ക്കരിക്കുന്നതിനും സർക്കാർ ഏജൻസി വഴി മിതമായ നിരക്കിൽ പശുക്കളെ നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ):</u> 2008-ലെ പരിഷ്ക്കരിച്ച പ്രജനന നയത്തിൽ സങ്കര പ്രജനന പരിപാടിയിൽ വൈദേശിക പൈതൃക ഗുണം അൻപത് ശതമാനമായി നിലനിർത്തണമെന്നും വിദേശ ജനുസ്സുകളും ജേഴ്സി, ഹോൾസ്റ്റീന, ഫ്രീഷിയർ എന്നീ ശുദ്ധ ജനുസ്സുകളുടെ ബീജം ലഭ്യമാക്കണമെന്നും ഇരുപത് ലിറ്റർ മുതൽ 50 ലിറ്റർ പാൽ വരെ ഉൽപ്പാദനശേഷിയുള്ള പശുക്കൾക്കായി പ്രത്യേക ബീജം ലഭ്യമാക്കണമെന്നുമുള്ള കാര്യങ്ങൾക്കാണ് ഗവൺമെന്റ് പ്രാധാന്യം കൊടുത്തിരിക്കുന്നത്. പരിഷ്ക്കരിച്ച നയപ്രകാരം കേരളത്തിന് ആവശ്യമായ ബീജം ലഭ്യമാക്കേണ്ട ചുമതല കെ.എൽ.ഡി.ബോർഡിനാണ്. എൻ.ഡി.ഡി.ബി. നേരിട്ട് ബീജ ബാങ്കുകൾ പ്രവർത്തിപ്പിക്കുകയോ ബീജം ഉൽപ്പാദിപ്പിക്കുകയോ ചെയ്യുന്നില്ല. സി.ആർ.ഐ. എന്ന അമേരിക്കൻ കമ്പനിയും ഇൻഡ്യൻ ഇമ്മ്യൂണോളോജിക്കൽസും ചേർന്ന് രൂപീകരിച്ച ഇൻഡ്യാജെൻ ഒരു പ്രത്യേകതരം ബീജമല്ലെന്നു മാത്രമല്ല ഇത് പ്രോജനിക്ക് ടെസ്റ്റിംഗിന് വിധേയമാക്കുന്നുണ്ടോ എന്നും കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമാണോ എന്നും തെളിയിക്കപ്പെട്ടിട്ടില്ല. ഇൻഡ്യാജെൻ

സംസ്ഥാനത്തെ ചില സ്വകാര്യ ബീജോൽപ്പാദന കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്തിരുന്നത് അവസാനിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആഭ്യന്തര കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുക, അത്യുൽപ്പാദന ശേഷിയുള്ള കന്നുകാലികളെ തെരഞ്ഞെടുക്കുക എന്നീ ഉദ്ദേശത്തോടെ സർക്കാർ പദ്ധതികൾ പ്രകാരം അന്യ സംസ്ഥാനങ്ങളിൽ പോയി പശുക്കളെ വാങ്ങുന്നത് ബന്ധപ്പെട്ട ക്ഷീര കർഷകനും വെറ്ററിനറി ഡോക്ടറും ഡയറി ഡെവലപ്മെന്റ് ഉദ്യോഗസ്ഥനുമടങ്ങുന്ന ഒരു ഗ്രൂപ്പാണ്. അതുകൊണ്ട് വ്യക്തികൾക്ക് ബുദ്ധിമുട്ടുണ്ടാകാനിടയില്ല.

(16) പുതിയ റേഷൻ കാർഡുകൾക്കുള്ള അപേക്ഷ

ശ്രീ. തോമസ് ഉണ്ണിയാടൻ : പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ സ്വീകരിക്കുന്നതിലും നിലവിലുള്ള റേഷൻ കാർഡിൽ തിരുത്തൽ വരുത്തുന്നതിലുമുള്ള അവ്യക്തത നീക്കുന്നതിനാവശ്യമായ നടപടി ഉണ്ടാകണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : പുതിയ റേഷൻ കാർഡിന് അപേക്ഷ സ്വീകരിക്കുന്ന അവസാനത്തീയതി മാർച്ച് 31 എന്നുള്ളത് റദ്ദാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ കേന്ദ്രങ്ങൾ കൂടി അനുവദിച്ച് കാർഡ് പുതുക്കുന്ന പരിപാടികൾ നടത്തുന്നതാണ്. എല്ലാ ദിവസങ്ങളിലും അപേക്ഷ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി താൽക്കാലികമായി കുടുംബശ്രീയെക്കൂടി ഉപയോഗിച്ചുകൊണ്ട് സമയബന്ധിതമായി ജനങ്ങളുടെ എല്ലാ ബുദ്ധിമുട്ടുകളും പരിഹരിക്കുന്ന രീതിയിൽ നടപടി സ്വീകരിക്കുന്നതാണ്.

(17) കൃഷ്ണഗിരി വില്ലേജിലെ മലന്തോട്ടം ഭൂമിയുടെ ഉടമസ്ഥാവകാശം

ശ്രീ. പി. കൃഷ്ണപ്രസാദ്: 1966-ൽ സർക്കാർ ഭൂമിയുടെ പട്ടികയിൽപ്പെടുത്തിയ വയനാട്ടിലെ കൃഷ്ണഗിരി വില്ലേജിൽ ഉൾപ്പെടുന്ന 135.18 ഏക്കർ

മലന്തോട്ടം ഭൂമിയിലെ മരങ്ങൾ മുറിച്ച് വിൽക്കുകയും രജിസ്റ്റർ ചെയ്യാത്ത കരാറുകളിലൂടെ വിൽപ്പന നടത്തുകയും ചെയ്യുന്ന ആളുകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനും അവ തിരിച്ചുപിടിച്ച് പ്രസ്തുത ഭൂമിയിൽ താമസി ക്കുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് അവരുടെ ഇപ്പോഴുള്ള കൈവശഭൂമിയ്ക്ക് പട്ടയം നൽകി നികുതി സ്വീകരിക്കാനും സർക്കാർ തയ്യാറാകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : വയനാട് ജില്ലയിൽ കൃഷ്ണഗിരി വില്ലേജിൽ മലന്തോട്ടം എന്നറിയപ്പെടുന്ന 137.794 ഏക്കർ വിസ്തീർണ്ണമുള്ള കാപ്പിത്തോട്ടത്തിന് 17 സബ് ഡിവിഷനുകളാണുള്ളത്. ഇതിൽ 46 ഏക്കർ വിവിധ ആളുകളുടെ കൈവശത്തിലുള്ള സർക്കാർ ഭൂമി യാണ്. പ്രസ്തുത സ്ഥലത്ത് പട്ടയം ലഭ്യമാക്കണമെന്ന 21 അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചു വരുന്നതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഈ സ്ഥല ത്തിന്റെ ഉടമസ്ഥാവകാശവും നിജസ്ഥിതിയും പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകുന്നതിന് ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണർ, ലാന്റ് ബോർഡ് സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വയനാട് ജില്ല യിലെ വിവിധ സർക്കാർ ഭൂമി സംബന്ധിച്ച് പരിശോധിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് നൽകുന്നതിന് വയനാട് ജില്ലാ കളക്ടർ, മാനന്തവാടി സബ് കള ക്ടർ, ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.) എന്നിവരെയും ചുമതലപ്പെടുത്തിയി ട്ടുണ്ട്. അർഹതപ്പെട്ടവർക്ക് പട്ടയം നൽകുന്നതിനും സർക്കാർ ഭൂമി കൈവശ പ്പെടുത്തിയവരിൽനിന്നും നിയമാനുസൃതം തിരിച്ചെടുത്ത് സംരക്ഷിക്കുന്ന തിനും ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(18) പുളിയിലപ്പാറയിലെ താമസക്കാർക്ക് പട്ടയം

ശ്രീ. ബി. ഡി. ദേവസ്സി : ചാലക്കുടി നിയോജകമണ്ഡലത്തിലെ പരിയാരം വില്ലേജിലെ പുളിയിലപ്പാറയിൽ പെരിങ്ങൽകുത്ത് പദ്ധതിക്കു

വേണ്ടി വനം വകുപ്പ് കെ. എസ്. ഇ. ബി.-ക്ക് പാട്ടത്തിന് നൽകിയ ഭൂമിയിൽ താമസിക്കുന്ന നൂറോളം കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): മുകുന്ദപുരം താലൂക്കിലെ പരിയാരം വില്ലേജിൽ പെരിങ്ങൽകുത്ത് സംരക്ഷിത ഏരിയയിൽപ്പെട്ടതും വനം വകുപ്പ് ലീസടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.-ക്ക് കൈമാറിയിട്ടുള്ളതുമായ ഭൂമി വനഭൂമി ആയതിനാൽ കൈവശക്കാർക്ക് പട്ടയം നൽകാൻ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ആവശ്യമാണ്. നിലവിലുള്ള സംയുക്ത പരിശോധനാ ലിസ്റ്റിൽ ഇവിടുത്തെ കൈവശക്കാരുടെ പേർ ഉൾപ്പെട്ടിരുന്നില്ല. ഈ ഭൂമിക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് റവന്യൂ, വനം, കെ. എസ്. ഇ. ബി. അധികൃതർ ചർച്ച നടത്തിയിട്ടുണ്ട്. പരിഹാര വനവൽക്കരണത്തിന് ഭൂമി നൽകി പതിനായിരം ഹെക്ടർ ഭൂമിക്കുകൂടി പട്ടയം നൽകുന്നതിന് അനുമതി തേടാവുന്നതാണെന്ന സുപ്രീം കോടതി വിധി പ്രകാരം റവന്യൂ വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കെ. എസ്. ഇ. ബി. അധികൃതരുടെ അനുമതിയോടെ സംയുക്ത പരിശോധന നടത്തി ജെ. വി. ആർ. തയ്യാറാക്കി ആയതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ഏറ്റവുംവേഗം ലഭ്യമാക്കുന്നതിനും ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

### (19) ''ഡയറ്റ്'' അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം

ശ്രീ. സാജു പോൾ : എറണാകുളത്തെ ഡയറ്റ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് മന്ദിരത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തിരമായി തുക അനുവദിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : 'ഡയറ്റ്' മന്ദിര നിർമ്മാണത്തിന് 10-02-2009-ൽ പി. ഡബ്ല്യു. ഡി. ചീഫ് എഞ്ചിനീയർ 92,21,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അധിക തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിന് അയച്ചുകൊടുത്തിരിക്കുകയാണ്.

(20) കെ. എസ്. ആർ. ടി. സി. വർക്ക്ഷോപ്പിന്റെ പ്രവർത്തനം

ശ്രീമതി ജെ. അരുന്ധതി: വാമനപുരം കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ കീഴിലുള്ള വെഞ്ഞാറമൂടും പാലോടും ഉള്ള വർക്ക്ഷോപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : വാമനപുരം മണ്ഡലത്തിലെ വെഞ്ഞാറമൂട് യൂണിറ്റിൽ 39 ഷെഡ്യൂളുകളും മുടക്കം കൂടാതെ ഓടിക്കുന്നതിന് 42 ബസ്സുകൾ ലഭ്യമാണ്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്നതിന് ഡോക്ക് ചെയ്തിരിക്കുന്ന ഒരു ബസ്സും എഞ്ചിൻ തകരാറുമൂലം വികാസ്ഭവൻ ഡിപ്പോയിലുള്ള മറ്റൊരു ബസ്സും ഉടൻതന്നെ പുറത്തിറക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലോട് യൂണിറ്റിൽ 34 ഷെഡ്യൂളുകളിൽ 31 എണ്ണം മുടങ്ങാതെ സർവ്വീസ് നടത്തുന്നുണ്ട്. വിവിധ ജോലികൾക്കായി ഡോക്ക് ചെയ്തിട്ടുള്ള ഏഴു ബസ്സുകൾ ജോലി പൂർത്തിയാക്കി ഉടൻതന്നെ പുറത്തിറക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ രണ്ട് യൂണിറ്റുകളിലും ഒരേസമയം ഓരോ ബസ് റിപ്പയർ ചെയ്യാനുള്ള സൗകര്യം മാത്രമേ ഗാരേജിലുള്ളൂ എന്നതാണ് ഡോക്ക് ചെയ്തിട്ടുള്ള വാഹനങ്ങളുടെ എണ്ണം കൂടാൻ കാരണം. സ്പെയർപാർട്ട്സിന്റെ അഭാവംമൂലം ഈ ഡിപ്പോകളിൽ നിന്നുള്ള സർവ്വീസുകൾ റദ്ദ് ചെയ്യുന്നില്ല.

(21) <u>കാട്ടുമൃഗങ്ങളുടെ ആക്രമണം മൂലമുണ്ടാകുന്ന കൃഷി നാശം</u>

<u>ശ്രീ. കെ.വി. കുഞ്ഞിരാമൻ:</u> കാസർകോഡ് ജില്ലയിലെ ദേവമ്പാടി, അടൂർ, മൂളിയാർ ഉൾപ്പെടെ വനമേഖലയുള്ള പഞ്ചായത്തുകളിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷി നാശം സംഭവിക്കുന്നതിനാൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങളെ ചെറുക്കാനും കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാനും നടപടി സ്വീകരിക്കണം.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ബിനോയ് വിശ്വം)</u> : വനമേഖലയിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലമുള്ള കൃഷിനാശത്തിന് പരിഹാരമുണ്ടാക്കുന്നതിന് ഗവൺമെന്റിന് മാത്രം കഴിയില്ല. എൻ.ആർ.ഇ.ജി. ഫണ്ടുപയോഗിച്ച് എം.എൽ.എ. മാരും വനം വകുപ്പുദ്യോഗസ്ഥരും ഇതുമായി ബന്ധപ്പെട്ട എല്ലാവരുടെയും സഹായത്തോടെ സാധ്യമായ എല്ലാ സ്ഥലങ്ങളിലും ട്രഞ്ച് കുഴിക്കുക എന്നതാണ് ഇതിനുള്ള പോംവഴി. സോളാർ ഫെൻസിംഗും ചെയ്യുന്നുണ്ട്. വയനാട് ജില്ലയിൽ ഇത് പ്രാവർത്തികമാക്കിയിട്ടുണ്ട്. നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചിട്ടുണ്ട്. അത് എത്രയും വേഗം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(22) <u>തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തെ സെന്റർ ഓഫ് എക്സലൻസാക്കി ഉയർത്താൻ നടപടി</u>

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ)</u>: കേരളത്തിലെ ഒരു മാനസികാരോഗ്യകേന്ദ്രമെങ്കിലും സെന്റർ ഓഫ് എക്സലൻസ് ആയി മാറ്റണമെന്ന പ്രൊപ്പോസലിന്റെ അടിസ്ഥാന

ത്തിൽ കോഴിക്കോട് പ്രവർത്തിക്കുന്ന ഇംഹാൻസുമായി ബന്ധപ്പെട്ടുകൊണ്ടുള്ള 30 കോടി രൂപയുടെ പ്രോജക്ടിന് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിരുന്നു. അഞ്ച് കോടി രൂപ തിരുവനന്തപുരത്തിനും നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. എന്നാൽ അനുമതി കിട്ടിയ പ്രോജക്ട് തന്നെ ഇപ്പോൾ തടസ്സപ്പെട്ടിരിക്കുകയാണ്. 2000-ലെ ഗവൺമെന്റ് തയ്യാറാക്കിയ കരട് മാനസികാരോഗ്യ നയത്തിന്റെ അടിസ്ഥാനത്തിൽ കുറേ കാര്യങ്ങൾ നടന്നുവരുന്നുണ്ട്. അതിൽനിന്നൊക്കെ വ്യത്യസ്തമായി തൃശ്ശൂർ മാനസി കാരോഗ്യ കേന്ദ്രത്തെ ഒരു സെന്റർ ഓഫ് എക്സലൻസായി മാറ്റുന്നത് എത്ര മാത്രം പ്രയോഗികമാണെന്ന കാര്യത്തിൽ സംശയമുണ്ട്. സംസ്ഥാനത്തെ മൂന്ന് മെഡിക്കൽ കോളേജുകളിലെ സൈക്യാട്രി ഡിപ്പാർട്ടുമെന്റുകളും മാന സികാരോഗ്യ കേന്ദ്രങ്ങളുമെല്ലാം സെന്റർ ഓഫ് എക്സലൻസ് ആയി മാറ്റുന്നതിനുവേണ്ടി പരിശ്രമിക്കുന്നതാണ്.

(23) <u>ആലപ്പുഴയിലെ ബാബു കുട്ടപ്പന്റെ തിരോധാനം</u>

<u>ശ്രീ. എ.എ. ഷുക്കൂർ</u> : ചെന്നൈയിൽ താംബരത്ത് സോഫ്റ്റ് വെയർ എഞ്ചിനീയറായി ജോലി ചെയ്തുവരവെ 2010 ഫെബ്രുവരി 3-ാം തീയതി മുതൽ കാണാതായ ആലപ്പുഴ സ്വദേശി ബാബു കുട്ടപ്പനെ കണ്ടെത്താൻ അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകു പ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>): ശ്രീ. ബാബു കുട്ടപ്പന്റെ തിരോധാനം സംബന്ധിച്ച കേസ് എത്രയും വേഗം അന്വേഷിക്കണമെന്ന് ഡി.ജി.പി.ക്ക് നിർദ്ദേശം കൊടുത്തിരുന്നെങ്കിലും ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ചെന്നൈയിലെ സി.റ്റി.എസ്-ൽ ജോലി ചെയ്തിരുന്ന അദ്ദേഹം പെട്ടെന്ന് ഒരു

ദിവസം അപ്രത്യക്ഷനാവുകയായിരുന്നു. ഒരു ടീമിനെ താംബരത്തേയ്ക്ക് അയച്ചുവെങ്കിലും വ്യക്തമായ തെളിവുകളൊന്നും ലഭിച്ചിട്ടില്ല. മൊബൈൽ ഫോൺ പ്രവർത്തന രഹിതമാണ്. അതിലെ കോൾ ഡീറ്റെയ്ൽസ് എടുത്ത് സൈബർ സെൽ വഴിയുള്ള അന്വേഷണം ശക്തമാക്കിയിട്ടുണ്ട്.

(24) <u>മംഗലക്കുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

<u>ശ്രീ. എ.കെ. ചന്ദ്രൻ</u>: 28-8-2000 -ൽ പണി പൂർത്തീകരിച്ച മാള മണ്ഡലത്തിലെ മംഗലക്കുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ ഗുണനിലവാരം കുറഞ്ഞ പൈപ്പുകൾ ഉപയോഗിച്ചിരിക്കുന്നതിനാൽ ട്രയൽ റൺ നടത്തുമ്പോൾ പൈപ്പ് പൊട്ടുന്നതിനാൽ മുഴുവൻ പൈപ്പുകളും മാറ്റി പദ്ധതി അടിയന്തിരമായി കമ്മീഷൻ ചെയ്യുന്നതിനും പദ്ധതി നടത്തിപ്പിലെ ഗുരുതരമായ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തി കോൺട്രാക്ടറിൽ നിന്നു തുക തിരിച്ചുപിടിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u> ഈ പദ്ധതിയുമായി ബന്ധപ്പെട്ട പമ്പ് ഹൗസ് സ്ഥാപിക്കൽ, ഇലക്ട്രിക് കണക്ഷൻ നൽകൽ തുടങ്ങിയ എല്ലാ പണികളും പൂർത്തിയാക്കി 28-08-2008 ന് ട്രയൽ റൺ നടത്തിയപ്പോൾ 2000-ന് മുൻപ് സ്ഥാപിച്ച പൈപ്പുകൾ പൂർണ്ണമായി ഉപയോഗശൂന്യമാണെന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് പൈപ്പുകൾ പുനസ്ഥാപിക്കുന്നതിന് നടത്തിയ ശ്രമങ്ങൾ ഫലപ്രദമായില്ല. പൈപ്പിന്റെ ഗുണനിലവാരം സംബന്ധിച്ച് സമഗ്രമായി അന്വേഷിക്കാനും ഒരുമാസത്തിനകം റിപ്പോർട്ട് നൽകാനും ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർശന നടപടികൾ സ്വീകരിക്കുന്നതും നിലവിലുള്ള പൈപ്പ് മാറ്റി പുതിയവ സ്ഥാപിച്ച് പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്.

(25) എം.വി.ഐ.പി.യുടെ സ്ഥലം ഗവ.ഐ.ടി.ഐ. ക്ക് വിട്ടുകൊടുക്കാൻ നടപടി

ശ്രീ. ബാബു പോൾ : മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിയ്ക്കു വേണ്ടി ഏറ്റെടുത്ത ഭൂമിയിൽ നിന്നും രണ്ടര ഏക്കർ ഭൂമി ഗവൺമെന്റ് ഐ.ടി.ഐ വിപുലീകരണത്തിന് വിട്ടുകൊടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പൊന്നും വിലയ്ക്കെടുത്ത 190 സെന്റ് സ്ഥലം ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് നൽകുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്.

(26) അഹാഡ്സിലെ ജീവനക്കാരുടെ നിയമനം

ശ്രീമതി കെ.എസ്. സലീഖ: 1996-ൽ അട്ടപ്പാടിയിൽ ജപ്പാൻ സഹായത്തോടെ അഹാഡ്സ് നടപ്പാക്കിവരുന്ന പരിസ്ഥിതി പുന:സ്ഥാപന പദ്ധതിയുടെ കാലാവധി 2010-മാർച്ചോടുകൂടി അവസാനിക്കുന്നതിനാൽ അവിടത്തെ ജീവനക്കാരെ തദ്ദേശ സ്വയംഭരണ വകുപ്പിൻകീഴിൽ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): അട്ടപ്പാടി പരിസ്ഥിതി പുന:സ്ഥാപന പദ്ധതിക്കു വേണ്ടി 122 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും 106 പേരാണ് ഇപ്പോൾ അവിടെ ജോലിചെയ്യുന്നത്. 2010-മാർച്ച് 26-ന് പദ്ധതിയുടെ കാലാവധി അവസാനിക്കുകയും ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തിയാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അഹാഡ്സിന്റെ ഭാവി എന്തായിരിക്കണമെന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു കർമ്മസമിതി രൂപീകരിച്ചി

ട്ടുണ്ട്. പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി 12 കോടി രൂപ ജപ്പാൻ ഏജൻസി ഫോർ ഇന്റർനാഷണൽ കോർപ്പറേഷൻ മുൻകൂറായി അനുവദിച്ചിട്ടുള്ളതുകൂടാതെ സംസ്ഥാന ബഡ്ജറ്റിൽ 17.5കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. കർമ്മ സമിതിയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം ജീവനക്കാരുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(27) പി.എം.ജി.എസ്.വൈ. റോഡുകളുടെ നിർമ്മാണം

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: മഞ്ചേശ്വരം മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ റോഡുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): മഞ്ചേശ്വരം മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. അനുസരിച്ച് കേന്ദ്രനുമതി ലഭിച്ചിട്ടുള്ള 12.85 കിലോമീറ്റർ റോഡുകളുടെ പണി ആരംഭിച്ചിട്ടുണ്ട്. 6.40 കിലോമീറ്റർ ദൈർഘ്യമുള്ള രണ്ട് റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് രണ്ട് റോഡുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇതിനുപുറമേ 29.187 കിലോമീറ്റർ ദൈർഘ്യം വരുന്ന 8 റോഡുകളുടെ നിർമ്മാണത്തിനായി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ച പ്രോജക്ടിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

(28) ഉറുദു അക്കാദമി

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ഉറുദു ഭാഷയെ പരിപോഷിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ഒരു ഉറുദു അക്കാഡമി സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസാക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ ബേബി): ഉറുദു ഭാഷയേയും സംസ്കാരത്തേയും പ്രോൽസാഹിപ്പിക്കുന്ന

തിനും സംരക്ഷിക്കുന്നതിനുമായി ഡൽഹിയിൽ ഗലീബ് അക്കാഡമി എന്ന പേരിൽ ഉറുദു അക്കാഡമി പ്രവർത്തിക്കുന്നുണ്ട്. ആ പശ്ചാത്തലത്തിൽ കേരളത്തിൽ സർക്കാർ തലത്തിൽ ഒരു ഉറുദു അക്കാഡമി സ്ഥാപിക്കുന്നതിനേക്കാൾ ഈ ഭാഷയിലെ ഏതെങ്കിലും നായകൻമാരുടെ പേരിൽ ഒരു സ്ഥാപനം തുടങ്ങുകയാകും അഭികാമ്യം. സർവ്വകലാശാലാ അക്കാദമിക് സമിതി ഈ കാര്യം വിശദമായി പരിശോധിച്ചുവരികയാണ്. ഭാഷാസ്നേഹികളുടേയും ജനപ്രതിനിധികളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും മുൻകൈയോടുകൂടി ഉറുദുഭാഷയും സാഹിത്യവും പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു സ്ഥാപനം തുടങ്ങുമ്പോൾ സർക്കാർ അതിന് ആവശ്യമായ എല്ലാ പിൻതുണയും സഹായങ്ങളും നൽകുന്നതാണ്.

(29) വിവാദ ചോദ്യപേപ്പർ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: തൊടുപുഴ ന്യൂമാൻസ് കോളേജിലെ ബി.കോം രണ്ടാം സെമസ്റ്റർ ഇന്റേണൽ പരീക്ഷയ്ക്ക് മതവികാരം വ്രണപ്പെടുത്തുന്ന രീതിയിൽ ചോദ്യപേപ്പർ തയ്യാറാക്കിയ സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): തൊടുപുഴ ന്യൂമാൻസ് കോളേജിലെ ബി.കോം രണ്ടാം സെമസ്റ്റർ ഇന്റേണൽ പരീക്ഷയിൽ മലയാളം ഗദ്യവും രചനയും എന്ന വിഷയത്തിന്റെ ചോദ്യപേപ്പറിൽ മതവികാരം വ്രണപ്പെടുത്തുന്ന രീതിയിൽ ചോദ്യപേപ്പർ തയ്യാറാക്കിയത് പ്രസ്തുത കോളേജിലെ മലയാളവിഭാഗം തലവനായ

പ്രൊഫ. ടി.ജെ. ജോസഫ് ആണെന്ന് വ്യക്തമായതിനെത്തുടർന്ന് കോളേജ് മാനേജുമെന്റ് അദ്ദേഹത്തെ അന്വേഷണവിധേയമായി സസ്പെൻഡു ചെയ്തിട്ടുണ്ട്. സംഭവത്തെക്കുറിച്ച് എം.ജി. സർവ്വകലാശാലയോട് വിശദീകരണം ചോദിച്ചിട്ടുണ്ട്. നാട്ടിൽ സാമുദായിക സംഘർഷം സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമാണോ ഇത്തരം സംഭവങ്ങളെന്നും ബാഹ്യശക്തികൾക്ക് ഇതിൽ പങ്കുണ്ടോയെന്നും സംശയിക്കണം. ഇത്തരത്തിൽ ചോദ്യപേപ്പർ തയ്യാറാക്കിയവർക്കെതിരെ ക്രിമിനൽ നടപടിച്ചട്ടം അനുസരിച്ച് സമഗ്രമായ അന്വേഷണം നടത്താൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം**

1. കാര്യോപദേശക സമിതിയുടെ മുപ്പത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
2. 2009-ലെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ മുപ്പത്തിരണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

**റിപ്പോർട്ട് പരിഗണന**

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ**

(i) 2010-ലെ കേരള ബാല-ബാലിക പീഡന നിരോധന ബിൽ

ശ്രീമതി കെ.കെ. ലതിക: 2010-ലെ കേരള ബാല-ബാലിക പീഡന നിരോധന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീമതി ജെ. അരുന്ധതി: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): സംസ്ഥാനത്ത് കുട്ടികൾക്കെതിരായിട്ടുള്ള പീഡനങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനാവശ്യമായ ഒട്ടേറെ പ്രവർത്തനങ്ങൾ തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിലും സാമൂഹ്യക്ഷേമ വകുപ്പിന്റെ നേതൃത്വത്തിലും ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്ര നിയമങ്ങളുടേയും മറ്റും ഭാഗമായി കുട്ടികളുടെ ക്ഷേമത്തിനായി ഒട്ടേറെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനതലത്തിൽ പുതിയൊരു നിയമത്തിന്റെ ആവശ്യമില്ല. കുട്ടികൾക്കെതിരെ വീടുകൾക്കുള്ളിലും പുറത്തും നടക്കുന്ന പീഡനങ്ങൾക്കും അതിക്രമങ്ങൾക്കും അറുതി വരുത്താൻ ശക്തമായ ബോധവൽക്കരണം ആവശ്യമാണ്. ഇതുസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് ബിൽ അവതരിപ്പിക്കുന്ന മുറയ്ക്ക് അതിൽ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് എന്തെല്ലാം ഭേദഗതികൾ കൊണ്ടുവരാൻ കഴിയുമെന്നത് പരിശോധിക്കുന്നതാണ്.

ശ്രീമതി കെ.കെ. ലതിക: കേരളത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമെതിരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന പീഡനങ്ങളിൽ നിന്നും കുട്ടികൾക്ക് പരിരക്ഷ നൽകുന്ന ഒരു സമഗ്ര നിയമം ആവശ്യമാണ്. ഭരണഘടനയുടെ 38(എ) അനുച്ഛേദപ്രകാരം ഇക്കാര്യത്തിൽ നിയമനിർമ്മാണ

സഭകൾ നിയമനിർമ്മാണം നടത്തണമെന്ന് പറയുന്നുണ്ട്. കൗമാരപ്രായക്കാരായ കുട്ടികളുടെ കാര്യങ്ങൾ കേൾക്കാനും ആവശ്യമായ പരിഹാരം കാണാനും അധ്യാപകർക്ക് പ്രത്യേകം പരിശീലനം നൽകേണ്ടതുണ്ട്. പൗരന്മാരെന്നുള്ള അവകാശങ്ങൾ പലപ്പോഴും കുട്ടികൾക്ക് ലഭിക്കുന്നില്ല. നാലാംക്ലാസ് വരെയുള്ള കുട്ടികളെയെങ്കിലും തരംതിരിക്കാതെ സ്കൂളിൽ ഒന്നിച്ചിരുത്തുന്നതിന് കേരളീയ സമൂഹം ശ്രദ്ധിക്കേണ്ടതാണ്. അംഗൻവാടികൾ മുതൽ സ്കൂൾതലംവരെ 18 വയസ്സുവരെയുള്ള കുട്ടികൾ വലിയ രൂപത്തിലുള്ള പീഡനത്തിന് വിധേയരാകുന്നുണ്ട്. കേരളീയ സമൂഹത്തിൽ കുട്ടികളുടെ വിദ്യാഭ്യാസവും ആരോഗ്യവും സംരക്ഷിക്കപ്പെടുന്നുണ്ടെങ്കിലും അവർക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തേണ്ടതുണ്ട്.

(ചർച്ച തുടരും)

## (ii) 2010-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: 2010-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ബി. ബാബു പ്രസാദ്: പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): ഈ വിഷയം വളരെ ഗൗരവത്തോടുകൂടി പാർലമെന്റിന്റെ പരിഗണനയ്ക്ക് വന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് പാർലമെന്റിൽ നിയമം വന്നതിനുശേഷം ഇതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: പ്രവാസികൾക്ക് പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും വോട്ടവകാശം നൽകണമെന്നുള്ളതാണ് ഈ ബിൽ

കൊണ്ടുദ്ദേശിക്കുന്നത്. പ്രവാസികൾക്ക് ത്രിതല പഞ്ചായത്തുകളിൽ വോട്ടവകാശം നൽകിക്കൊണ്ട് ഇന്ത്യയ്ക്ക് മാതൃക കാണിക്കാൻ കേരളത്തിന് കഴിയും. 2008-ലെ കണക്കനുസരിച്ച് കേരളത്തിൽ 41 ലക്ഷം പ്രവാസികളുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. 19 ലക്ഷത്തിലധികം പ്രവാസികളാണ് ഗൾഫ് രാജ്യങ്ങളിൽ അന്യതാബോധത്തോടുകൂടി കഴിയുന്നത്. റേഷൻ കാർഡിൽ പേരിനെതിരെ എൻ.ആർ.കെ. എന്ന് ചേർക്കപ്പെട്ടിട്ടുള്ളവർ പ്രവാസികളാണെന്നും അവർക്ക് ത്രിതല പഞ്ചായത്തുകളിലെ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിനും സ്ഥാനാർത്ഥി യായി മൽസരിക്കുന്നതിനും കൂടി അവകാശം നൽകുന്നതിനുള്ള വ്യവസ്ഥയുണ്ടാകേണ്ടത് അനിവാര്യമാണ്.

(ചർച്ച തുടരും)

(iii) <u>2010-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ</u>

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി</u>: 2010-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ.പി. മോഹനൻ:</u> പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ് കുട്ടി)</u>: ഈ ബില്ലിന്റെ തത്വത്തോട് വിയോജിപ്പില്ലെങ്കിലും ബില്ലിന്റെ പ്രമേയത്തെ എതിർക്കുന്നു. പ്രവാസികളുടെ വോട്ടവകാശം നിശ്ചയിക്കേണ്ടത് ഇന്ത്യാഗവൺമെന്റും പാർലമെന്റുമാണ്. ഈ വിഷയം പാർ ലമെന്റിന്റെ പരിഗണനയ്ക്ക് വന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സ്വീകാര്യമായ തീരുമാനമെടുക്കുന്നതായിരിക്കും ഉചിതം.

ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി: പ്രവാസികൾക്ക് ത്രിതല പഞ്ചായത്തുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ടർ ആയി പേര് രജിസ്റ്റർ ചെയ്യുന്നതിനും വോട്ട് ചെയ്യുന്നതിനും തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നതിനും അവകാശം നൽകണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്.

(ചർച്ച തുടരും)

(iv) 2010-ലെ മൂവാറ്റുപുഴ നദീതടം അതോറിറ്റി ബിൽ

ശ്രീ. ബാബു പോൾ: 2010-ലെ മൂവാറ്റുപുഴ നദീതടം അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി: പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ .കെ. പ്രേമചന്ദ്രൻ): 2010-ലെ മൂവാറ്റുപുഴ നദീതടം അതോറിറ്റി ബിൽ ഗവൺമെന്റ് ഗൗരവമായി പരിശോധിച്ചു. കേരളത്തിലെ നദീതടങ്ങൾ, തണ്ണീർത്തടങ്ങൾ, ജലസ്രോതസ്സുകൾ ഇവയുടെ സംരക്ഷണവും പരിപാലനവും ഉറപ്പു വരുത്തുന്ന ഒരു നിയമം സർക്കാരിന്റെ സജീവ പരിഗണനയിലിരിക്കുന്നതുകൊണ്ട് ഈ ബിൽ അവതരിപ്പിക്കേണ്ട ആവശ്യമില്ല.

ശ്രീ. ബാബു പോൾ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി തത്വത്തിൽ അംഗീകരിക്കുന്നു. മൂവാറ്റുപുഴ നദി ഇന്ന് ബഹുവിധ പ്രതിസന്ധികളെ നേരിടുകയാണ്. സംസ്ഥാനത്തെ മറ്റ് പല നദികളേയും പോലെ മൂവാറ്റുപുഴ

നദിയും മലീമസമായിക്കൊണ്ടിരിക്കുകയാണ്. അനിയന്ത്രിതമായ മണൽ വാരൽമൂലം പാരിസ്ഥിതിക സന്തുലിതാവസ്ഥ തന്നെ ഇല്ലാതായി ക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അലങ്കാര മത്സ്യങ്ങൾ ഉള്ള മൂവാറ്റുപുഴ നദിയിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് കഴിയുന്നില്ലെന്നുള്ളത് ഖേദകരമാണ്. ഈ നദിയെ മാലിന്യ മുക്തമാക്കുന്നതിനും നദീതീരങ്ങളിൽ ഔഷധ സസ്യങ്ങൾ വച്ചു പിടിപ്പിച്ച് സംരക്ഷിക്കുന്നതിനും മണൽ വാരൽ നിയന്ത്രിച്ച് പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും മത്സ്യസമ്പത്ത് സംരക്ഷി ക്കുന്നതിനും വേണ്ടിയാണ് ഈ ബിൽ കൊണ്ടു വന്നിരിക്കുന്നത്.

(ചർച്ച തുടരും)

(V) <u>2010-ലെ കേരള ബുക്ക് അതോറിറ്റി ബിൽ</u>

<u>ശ്രീ. എം. മുരളി</u>: 2010-ലെ കേരള ബുക്ക് അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:</u> പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ):</u> അവത രണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു.

<u>ശ്രീ. എം. മുരളി</u>: വിദ്യാഭ്യാസ വകുപ്പുമന്ത്രി ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കാത്തതിൽ ഖേദം പ്രകടിപ്പിക്കുകയാണ്. മലയാള ഭാഷയുടെ മഹത്വം നിലനിർത്തുന്നതിനും ആധുനിക ശാസ്ത്ര സാങ്കേതിക വളർച്ചയ്ക്ക്

അനുസരണമായി മലയാള ഭാഷയെ രൂപപ്പെടുത്തുന്നതിനും, പ്രാപ്തമാക്കുന്നതിനും മലയാള പുസ്തക പ്രസിദ്ധീകരണങ്ങൾ ഏകോപിപ്പിക്കേണ്ടതും മലയാളികളുടെ വായനാശീലം വളർത്തേണ്ടതും അത്യാവശ്യമാണ്. കന്നട തുടങ്ങിയ ഭാഷകളിൽ ഉള്ളതുപോലെ മലയാള പുസ്തക പ്രസിദ്ധീകരണങ്ങളും ലോകത്തെ ഏറ്റവും മികച്ചതാക്കാൻ ഒരു ബുക്ക് അതോറിറ്റി രൂപീകരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.